File No.FWLD-B2/62/2017-FWLD

15285
13/7/17

കേരള സർക്കാർ

**സംഗ്രഹം**

വനം വന്യജീവി വകുപ്പ്-മെസ്സേഴ്സ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് 2017 വർഷത്തെ ക്ലോഷർ പിരീഡിൽ ഈറ്റ ശേഖരണത്തിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

വനം വന്യജീവി (ബി) വകുപ്പ്

**സ.ഉ.(സാധാ)/256/2017/വനം** തിരുവനന്തപുരം,തീയതി, 12/07/2017

പരാമർശം:- 1. കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 18.05.2017-ലെ നിവേദനം.

2. ബഹു. വ്യവസായവും കായികവും വകുപ്പ് മന്ത്രിയുടെ ചേംബറിൽ 31.05.2017-ൽ കൂടിയ യോഗ നടപടി കുറിപ്പ്

3. പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) -ന്റെ 24.04.2017-ലെ പ്രൊ(4)37460/16 നമ്പർ കത്ത്.

**ഉത്തരവ്**

ഈറ്റ ശേഖരണത്തിന് മുൻ വർഷങ്ങളിൽ കാലാവധി നീട്ടി നൽകിയതു പോലുള്ള വ്യവസ്ഥകൾ അനുസരിച്ച് ഈ വർഷവും കാലാവധി നീട്ടി നൽകണമെന്ന് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ പരാമർശം (1) പ്രകാരം അപേക്ഷിച്ചിരുന്നു.

2) ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിലാണ് ഈറ്റയ്ക്ക് പുതുതായി മുളപൊട്ടുന്നത്. ഇളം തണ്ടുകൾക്ക് ക്ഷതം തട്ടി നശിച്ചുപോകാതിരിക്കുന്നതിനാണ് ടി മാസങ്ങൾ ക്ലോഷർ പിരീഡായി പരിപാലിക്കുന്നത്. ക്ലോഷർ പിരീഡിലെ ഈറ്റ ശേഖരണം ഈറ്റയുടെ സ്ഥായിയായ നിലനില്പിനെ ദോഷകരമായി ബാധിക്കുമെന്നതിനാൽ ക്ലോഷർ പിരീഡിലെ ഈറ്റ ശേഖരണത്തിന് അനുമതി നൽകേണ്ടതില്ലായെന്ന് പരാമർശം (3) പ്രകാരം പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്) റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

3) പരാമർശം (2) പ്രകാരം വന സമ്പത്തിന് കോട്ടം വരാത്ത രീതിയിലും പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതെയും നടപ്പ് വർഷം കൂടി ജൂൺ, ജൂലൈ, ആഗസ്റ്റ് മാസങ്ങളിൽ ഈറ്റ വെട്ടുന്നതിന് ബാംബൂ കോർപ്പറേഷന് പ്രത്യേക അനുമതി നൽകുവാൻ തീരുമാനമെടുത്തിരുന്നു.

4) മേൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ അടുത്ത ക്ലോഷർ പിരീഡിൽ ഈ ആവശ്യം ഉന്നയിക്കരുതെന്ന നിബന്ധനയോടു കൂടി വന സമ്പത്തിന് കോട്ടം വരാത്ത രീതിയിലും, പരിസ്ഥിതി പ്രശ്നങ്ങൾ ഇല്ലാതെയും 2017-ലെ ക്ലോഷർ പിരീഡിൽ ഈറ്റ ശേഖരിക്കുന്നതിന് മെസ്സേഴ്സ് കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഗിരിജ കുമാരി.ജി

ഡെപ്യൂട്ടി സെക്രട്ടറി

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ആന്റ് ഹെഡ് ഓഫ് ഫോറസ്റ്റ് ഫോഴ്സസ്, ഫോറസ്റ്റ് ഹെഡ്ക്വോർട്ടേഴ്സ്, തിരുവനന്തപുരം.

പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഫോറസ്റ്റ്, ലാന്റ് ആന്റ് റിസോഴ്സസ്), തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, കേരള സ്റ്റേറ്റ് ബാംബൂ കോർപ്പറേഷൻ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം
വ്യവസായ (കെ) വകുപ്പ് (വ്യവ-കെ1/222/2017/വ്യവ പ്രകാരം)
വെബ് ആന്റ് ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

V Beena

സെക്ഷൻ ഓഫീസർ